# കേരളസർവകലാശാല

നം.പി.ആർ.69/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് കോഴ്സിന്റെ സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകളുടെ 2013 സ്കീം ആറ്, എട്ട് സെമസ്റ്ററുകളുടേയും 2008 സ്കീം എട്ടാം സെമസ്റ്ററിന്റേയും പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ എം.എ. സംസ്കൃതം ഫൈനൽ സപ്ലിമെന്ററി (വിദൂര വിദ്യാഭ്യാസം) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. കെമിസ്ട്രി (ഡ്രഗ് ഡിസൈൻ & ഡെവലപ്മെന്റ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനക്ക് അപേക്ഷിക്കുന്നവർ ഏപ്രിൽ 14 ന് മുൻപ് എസ്.എൽ.സി. എം. (SLCM) ഓൺലൈൻ പോർട്ടൽ വഴി (www.slcm.keralauniversity.ac.in) മാത്രം ഫീസ് അടക്കേണ്ടതാണ്. കേരളസർവ കലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല.

### സൂക്ഷ്മ പരിശോധന

ഒന്നാം സെമസ്റ്റർ ബി. എ (സി.ബി.സി.എസ്) ജൂൺ 2022 പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും, ഹാൾടിക്കറ്റുമായി റിവാല്യൂവേഷൻ സെക്ഷനിൽ (ഇ.ജെ V (അഞ്ച്)), 2023 ഏപ്രിൽ 10 മുതൽ 20 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

കേരളസർവകലാശാല നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടെയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ത്രിവത്സര നിയമ വിദ്യാർത്ഥികൾക്കും (2019 അഡ്മിഷൻ), കൂടാതെ പഞ്ചവത്സര നിയമ വിദ്യാർത്ഥികൾക്കും (2017 അഡ്മിഷൻ) കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവരും, പരീക്ഷ വിജയിക്കാൻ സാധിക്കാത്ത ഇന്റേണൽ മാർക്ക് 10 ൽ കുറവുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഒരു പേപ്പറിന് 525/- രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2100/- രൂപ അടയ്ക്കേതാണ്. ഇതിൽ 105/- രൂപ സർവകലാശാല ഫണ്ടിൽ (കെ.യു.എഫ്) അടയ്ക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷാഫോറം പ്രിൻസിപ്പാളിന്റെ അനുമതിയോടു കൂടി 2023 ഏപ്രിൽ 28 നോ അതിനുമുമ്പോ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ഏപ്രിൽ 27 ന് ആരംഭിക്കാനിരിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 2019 സ്കീം 2022 അഡ്മിഷൻ റെഗുലർ വിദ്യാർത്ഥികൾ, 2021 അഡ്മിഷൻ സപ്ലിമെന്ററി ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ SLCM മുഖേന ഫീസ് അടയ്ക്കേണ്ടതാണ്. 2019 & 2020 അഡ്മിഷൻ സപ്ലിമെന്ററി വിദ്യാർത്ഥികൾ exams.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന ഫീസ് അടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. പിഴകൂടാതെ ഏപ്രിൽ 13 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 18 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 20 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വാക്–ഇൻ–ഇന്റർവ്യൂ

കേരളസർവകലാശാല കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനായി 2023 ഏപ്രിൽ 12 ന് രാവിലെ 10.30 മുതൽ കോളേജിൽ വച്ച് വാക്–ഇൻ–ഇന്റർവ്യൂ നടത്തുന്നു. ഇൻഫർമേഷൻ ടെക്നോളജി/കമ്പ്യൂട്ടർ സയൻസിൽ 60% മാർക്കോടെ പി.ജി. യോഗ്യത ഉള്ളവർക്ക് പങ്കെടുക്കാം.

## സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് നടത്തുന്ന ഹ്രസ്വകാല സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിലേക്കു അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത: അംഗീകൃത സർവകലാശാലകളിലെ ബിരുദം. ക്ലാസ്സ്: ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും രാവിലെ 10 മണി മുതൽ വൈകിട്ട് 4:30 വരെ. കോഴ്സിലേക്ക് ചേരാൻ ആഗ്രഹിക്കുന്നവർ കേരള യൂണിവേഴ്സിറ്റിയുടെ 49 (U) എന്ന മേജർ ഹെഡിൽ 3150/– രൂപ അടച്ച രസീതിനൊപ്പം അപേക്ഷിക്കാവുന്നതാണ്. അപേക്ഷാഫോം കേരളസർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നോ സെനറ്റ്ഹൗസ് ക്യാമ്പസ്സിൽ ഉള്ള സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗിൽ നിന്നോ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ഡയറക്ടർ, സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ്, സെനറ്റ് ഹൗസ് ക്യാമ്പസ്, തിരുവനന്തപുരം–34 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷിക്കാനുള്ള അവസാന തീയതി 2023 ഏപ്രിൽ 21.

തിരുവനന്തപുരം,
05.04.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**